"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കുണ്ടമൺകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ്കോടതിയിലെ വിവിധ എൽ.എ.ആർ. കേസുകൾക്ക് വിധിതുക അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.446/2024/PWD തീയതി,തിരുവനന്തപുരം, 08-04-2024

---

പരാമർശം:-

1. സ.ഉ. (സാധാ )നം.376/2009/PWD തീയതി 02/03/2009
2. സ.ഉ. (സാധാ )നം.173/2023/PWD തീയതി 17.02.2023
3. നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 19-06-2023, 31-07-2023 , 28-11-2023 എന്നീ തീയതികളിലെ CEPWD/12402/2022-FR9-PWD നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കുണ്ടമൺകടവ് പാലം നിർമ്മാണത്തിനായി പരാമർശം (1) പ്രകാരം 9.25 കോടി രൂപയുടെ ഭരണാനുമതിയും, പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിന് പരാമർശം (2) പ്രകാരം ₹ 5,05,24,229/- രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ടായിരുന്നു.

2) കുണ്ടമൺകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ്കോടതിയിലെ എൽ.എ.ആർ. 120/2012 നമ്പർ കേസിനു വിധിതുക നൽകുന്നതിനായി 7,447/- രൂപയും, എൽ.എ.ആർ. 134/2012, 122/2012 നമ്പർ കേസുകൾക്ക് വിധിതുക നൽകുന്നതിനായുള്ള 6,77,514/-രൂപയും, എൽ.എ.ആർ. 125/2012, 160/2012, 121/2012 എന്നിവയ്ക്ക് വിധിതുക നൽകുന്നതിനായി 56,89,132/- രൂപയും കൂടെ ചേർത്ത് ആകെ ₹5,68,98,322/- രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് പരാമർശം (3)ലെ കത്തുകൾ പ്രകാരം നിരത്തുകൾ വിഭാഗം ചീഫ്

എഞ്ചിനിയർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുണ്ടമൺകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ്കോടതിയിലെ എൽ.എ.ആർ കേസുകൾക്ക് വിധിതുക നൽകുന്നതിനായി മുൻപ് അനുവദിച്ച 5,05,24,229/- രൂപയോടൊപ്പം എൽ.എ.ആർ 120/2012 കേസിനു വിധിതുക നൽകുന്നതിനായി 7,447/- രൂപയും, എൽ.എ.ആർ. 134/2012, 122/2012 നമ്പർ കേസുകൾക്ക് വിധിതുക നൽകുന്നതിനായുള്ള 6,77,514/-രൂപയും, എൽ.എ.ആർ. 125/2012, 160/2012, 121/2012 എന്നിവയ്ക്ക് വിധിതുക നൽകുന്നതിനായി 56,89,132/- രൂപയും കൂടെ ചേർത്ത് ആകെ 5,68,98,322/- (അഞ്ച് കോടി അറുപത്തെട്ടു ലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തി മുന്നൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി '5054-04-337-80-പി സി എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീദേവി ഇ എസ്

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്തുകൾ/പാലങ്ങൾ ), തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി ആർ ഡി

കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Chithralekha v v
സെക്ഷൻ ഓഫീസർ
Date: 09-04-2024 11:37:11